**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5529** **03-11-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച് .ഡി. എസ്. ലാബിലേക്കുള്ള പർച്ചേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച് .ഡി. എസ്. ലാബിലേക്കുള്ള പർച്ചേസ്, ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ എച്ച്.ഡി.എസ്. ലാബിലേക്ക് നടത്തിയ പർച്ചേസ് കളുടെ ടെൻഡർ നടപടി വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) | കഴിഞ്ഞ അഞ്ച് വർഷവും സർക്കാർ ഉത്തരവ് നം. GO (P) No. 1/2019/SPD dated 02/01/2019 പ്രകാരമുള്ള സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരം ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ച് തെരഞ്ഞെടുക്കുന്ന കമ്പനികളുടെ മെഷീൻ സ്ഥാപിക്കുന്നതോടൊപ്പം റീ ഏജന്റ്, മറ്റ് പരിശോധന കിറ്റുകൾ മുതലായവ ടെൻഡർ നടപടി പ്രകാരം കരാർ ഉറപ്പിച്ച തുകയ്ക്ക് വാങ്ങി മെഷീനുകൾ പ്രവർത്തിപ്പിച്ച വരുകയാണ് ചെയ്യുന്നത്. |
| (ബി) | കാലപ്പഴക്കവും എഗ്രിമെന്റ് കാലാവധി പൂർത്തീകരിച്ചതുമായ ലബോറട്ടറി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനെന്ന വ്യാജേന പരിശോധന കിറ്റുകൾ വാങ്ങി കൂട്ടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റീ ഏജന്റുകൾ ആവശ്യത്തിന് മാത്രമാണ് വാങ്ങുന്നത്. |
| (സി) | മെഡിക്കൽ കോളേജിലെ എ.സി.ആർ. ലാബിൽ കാലപ്പഴക്കംകൊണ്ട് കമ്പനികൾ പുറംതള്ളിയ ലബോറട്ടറി ഉപകരണം വാങ്ങി സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മെഡിക്കൽ കോളേജ് എ.സി.ആർ ലാബിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന എല്ലാ മെഷീനുകളും 7 വർഷത്തിൽ അധിക പഴക്കം ഇല്ലാത്തതും വാടക കരാർ വ്യവസ്ഥയിൽ സ്ഥാപിച്ചിട്ടുള്ളതും ഉപകരണങ്ങൾ തടസ്സം കൂടാതെ പ്രവർത്തിക്കുവാനായി കമ്പനിയുമായി കരാറില്ലുള്ളതുമാണ്. ഉപകരണങ്ങൾ എല്ലാം നന്നായി പ്രവർത്തിച്ച വരുന്നുണ്ട്. എല്ലാ ഉപകരണങ്ങളുടെയും പാരാമീറ്ററുകളുടെ ക്വാളിറ്റി കൺട്രോൾ വാല്യുകളും അംഗീകൃത പരിധിക്കുള്ളിൽ ആണ്. |
| (ഡി) | കാലാവധി കഴിഞ്ഞ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കാലാവധി കഴിഞ്ഞ ഉപകരങ്ങൾ ഒന്നും തന്നെ വാങ്ങി സ്ഥാപിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ